പതിനാലാം കേരളനിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1228 — 06/02/2020 മറുപടിയ്ക്ക്

# പൊതുവിദ്യാലയ മേധാവികളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാലയ മേധാവികൾക്ക് ഭരണ നിർവ്വഹണത്തിൽ വേണ്ടത്ര കാര്യക്ഷമതയില്ലാത്തത് കാരണം പലപ്പോഴും പരാതികൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) പൊതുവിദ്യാലയങ്ങളിലെ പ്രധാനാധ്യാപകർക്കും പ്രിൻസിപ്പൽമാർക്കും ആധുനിക നിലവാരത്തിലുള്ള മാനേജ്മെന്റ് ട്രെയിനിംഗ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) പ്രധാന അദ്ധ്യാപകർക്കും പ്രിൻസിപ്പൽ മാർക്കും അവസരോചിത പരിശീലനങ്ങൾ എസ്.സി.ഇ.ആർ.ടി, സീമാറ്റ് എന്നീ സ്ഥാപനങ്ങൾ വഴി തുടർച്ചയായി നൽകി വരുന്നുണ്ട്. ഇത് കൂടുതൽ കാര്യക്ഷമതയോടെ തുടരുന്നതാണ്.<br>ഹയർ സെക്കന്ററിസ്കൂളുകളിലെ പ്രിൻസിപ്പൽ മാർക്ക് എല്ലാവർഷവും സീമാറ്റ് വഴി 3 ദിവസത്തെ മാനേജ്മെന്റ് ട്രെയിനിംഗ് (LEP-Leadership Enhancement Programme) നൽകുന്നുണ്ട്. |
| (സി) സ്കൂൾ സമയത്ത് പാമ്പ് കടിയേറ്റ് ഷഹല ഷെറിൻ എന്ന കുട്ടി മരണപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ പൊതുവിദ്യാലയ മേധാവികളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചുവരുന്ന മുൻകരുതൽ നടപടികൾ എന്തെല്ലാമാണ്? | (സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ മുൻകരുതലുകളും നടത്തിയിട്ടുണ്ട്. അവശ്യ ഘട്ടങ്ങളിൽ അനുവർത്തിക്കേണ്ട പ്രവൃത്തികൾ, തുടരേണ്ട രീതികൾ, പുലർത്തേണ്ട ഉത്തരവാദിത്തങ്ങൾ സംബന്ധിച്ച് വിശദമായ അറിയിപ്പുകൾ എല്ലാപേർക്കും നൽകിയിട്ടുണ്ട്. സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനും അപകട രഹിതമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഊന്നൽ നൽകുന്ന വിവിധ പരിപാടികൾ, സന്നദ്ധ സംഘടനകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും രക്ഷാകർതൃ സമതികളുമായി ചേർന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് അവിഷ്കരിച്ചിട്ടുണ്ട്. 09/01/2020 -ൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ |

നം. ആർ&ആർ (1)/90010/2017/ഡി.ജി.ഇ സർക്കുലർ പ്രകാരം ആർ.ഡി.ഡി മുഖേന എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ